*ഒത്തു തീർപ്പല്ല,*
*നീതിയുടെ തീർപ്പുകളാവാൻ*

**SSF മെമ്പർഷിപ്പ് ദിനം**

മുദ്രാവാക്യം

എസ് എസ് എഫ് സിന്ദാബാദ്
ധാർമിക വിപ്ലവം സിന്ദാബാദ്

അധർമ്മനീതി തിരുത്തീടാനായ്
ധർമപതാക വാനിലുയർത്തി
കർമാവേശം കൈമുതലാക്കി
എസ് എസ് എഫിൻ മുന്നേറ്റം

സത്യ മതത്തിൻ പൊന്നാദർശം
കള്ളം വെള്ളം ചേർത്തിടാതെ
ഉയിരു കൊടുത്തും ഉശിരുകൊടുത്തും
സംരക്ഷിക്കും എസ്സെസ്സെഫ്

ഇസ്ലാമിന്റെ നടുമുറ്റത്ത്
ഇബ്നുവഹാബ് നട്ടുവളർത്തിയ
വിഷച്ചെടിയാണേ വഹാബിസ്സം
ഭീകരവാദ സംഘങ്ങൾക്ക്
ഊർജം പകരും ദർശനമാണത്
തിരിച്ചറിഞ്ഞ് തിരുത്തീടാൻ
പോരൂ ധീരം വിദ്യാർത്ഥികളേ
അഹ് ലുസ്സുന്ന ജയിക്കട്ടേ.

മറയില്ലാതെ മടിയില്ലാതെ
വർഗീയതയെ താലോലിക്കും
പ്രാചി സാക്ഷി വിഷവിത്തുകളെ
നട്ടെല്ലൂക്കിൽ ചോദ്യം ചെയ്യാൻ
നെഞ്ചൂക്കുള്ളോരുണ്ടോയിവിടെ
ഉറച്ച മനസാൽ ഐക്യം പറയാൻ
ഞങ്ങളുണ്ടേ എസ്സെസ്സെഫ്

നാലണ കാശിന് നാടിനെ വിൽക്കും
അധികാരത്തിലെ ദല്ലാളൻമാർ
അംബാനിക്കും അദാനിക്കും
കങ്കാണിപ്പണി ചെയ്യുന്നോരും
ഒറ്റക്കാര്യം ഓർത്തീടേണം
രാഷ്ട്രീയത്തിൽ ബദലുകൾ തീർക്കാൻ
മോഹിക്കുന്നൊരു പുതു ജനറേഷൻ
ശക്തരാണീ രാജ്യത്ത്.

സ്വാശ്രയ വിദ്യ വിവാദപ്പഴുതിൽ
കച്ചവടത്തിൻ പൂതിപെരുത്ത
മേലാളർക്ക് കടിഞ്ഞാൺ വേണം
ദരിദ്ര വീട്ടിലെ വിദ്യാർത്ഥിക്കും
ഉന്നത പഠനം കിട്ടീടേണം
വിദ്യാർത്ഥിത്വം മറയാക്കി
അക്രമ സമരമരങ്ങേറുന്നു
ആഭാസങ്ങൾക്കറുതി വരുത്താൻ
വിദ്യാർത്ഥികളേ ഒരുമിക്കൂ.

ഐയെസ്സെന്നൊരു ഭീകര സംഘം
തലകൾ കൊയ്തും തച്ചുതകർത്തും
ഭീതി വിതച്ച് മുന്നേറുമ്പോൾ
പാപഭാരം ശിരസിലേറ്റാൻ
ഇസ്ലാമിന്ന് ബാധ്യതയില്ല
സ്നേഹ മതത്തെ കരി തേക്കാനായി
കരാറെടുത്ത കാട്ടാളൻമാർ
അവരാണത്രെ ഐ എസ്സ്